ലേഖനം ● എസ്.കെ

# ഈദുൽ ഫിത്വ്ർ വ്രതവിശുദ്ധിയുടെ ആഘോഷവേള

**റമദാനിലെ** അവസാന സൂര്യാസ്തമയവും കഴിഞ്ഞ് പടിഞ്ഞാറൻ ചക്രവാളത്തിൽ ശവ്വാലമ്പിളി തെളിയുന്നതോടെ വിശ്വാസികളുടെ കണ്ഠങ്ങളിൽനിന്ന് ദൈവസ്തോത്രത്തിന്റെ അലകളുയരുകയായി: അല്ലാഹു അക്ബർ, അല്ലാഹു അക്ബർ.....

കഴിഞ്ഞ മുപ്പത് ദിനരാത്രങ്ങളിൽ അവൻ സ്വന്തം കർമങ്ങളിലൂടെ അല്ലാഹുവിന്റെ മഹത്വവും ഔന്നത്യവും പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയായിരുന്നു. പകൽ സമയത്ത് വിശപ്പും ദാഹവും സഹിച്ചും, രാത്രിയിൽ ദീർഘമായി നിന്ന് നമസ്കരിച്ചും, ഖുർആൻ പാരായണം ചെയ്തും അല്ലാഹുവിനോട് മുമ്പെന്നത്തേക്കാളും അവനടുത്തു. അല്ലാഹുവിന്റെ കാരുണ്യവും പാപമോചനവും അവനെ തഴുകി. സ്വർഗത്തിൽ പോകുമെന്ന പ്രതീക്ഷ മനസ്സിൽ നാമ്പിട്ടു. ലൈലത്തുൽ ഖദ്റിന്റെ അളവറ്റ പുണ്യങ്ങൾ നിറഞ്ഞ അനുഗൃഹീത രാവിലൂടെ കടന്നുവന്ന് അങ്ങനെ പുണ്യങ്ങളുടെ ഒരു യുഗം ജീവിക്കാൻ, നാഥന്റെ കരുണാകടാക്ഷത്താൽ അവന് ഭാഗ്യം ലഭിച്ചതാണ്. തന്റെ ജന്മം സഫലമായിരിക്കുന്നു. റമദാൻ പൂർത്തിയാക്കാൻ കഴിഞ്ഞിരിക്കുന്നു. വിശ്വാസി അറിയാതെ പറഞ്ഞുപോകും: അല്ലാഹു അക്ബർ....

ഇസ്ലാം നിയമവിധേയമാക്കിയ രണ്ട് ആഘോഷങ്ങളിലൊന്നാണ് ഈദുൽ ഫിത്വ്ർ. മറ്റേത് ഈദുൽ അദ്ഹായും. നബി(സ) മദീനയിൽ ചെന്ന കാലത്ത് അവർക്കിടയിൽ രണ്ട് ജാഹിലീ വാർഷികാഘോഷങ്ങൾ നിലനിന്നിരുന്നു. 'അല്ലാഹു നിങ്ങൾക്ക് അവയേക്കാൾ നല്ല രണ്ട് ആഘോഷങ്ങൾ നൽകിയിരിക്കുന്നു. ഈദുൽ ഫിത്വ്റും ഈദുൽ അദ്ഹായും' എന്നു പറഞ്ഞുകൊണ്ട് നബി(സ) ജാഹിലീ ആഘോഷങ്ങൾ വിലക്കുകയും ഇസ്ലാമിന്റെ ആഘോഷങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു.

ത്യാഗങ്ങളുമായി ബന്ധപ്പെട്ടതാണ് ഈ രണ്ട് ആഘോഷങ്ങളും. ഈദുൽ ഫിത്വ്ർ ഓരോ വിശ്വാസിയും സ്വയം പരിശീലിച്ചു തരണംചെയ്ത ത്യാഗത്തിന്റെ വിജയ പ്രഖ്യാപനമാണ്. എന്നാൽ ഈദുൽ അദ്ഹാ വിശ്വാസികളുടെ നായകനും മാതൃകയുമൊക്കെയായ ഇബ്റാഹീ(അ)മിന്റെ ത്യാഗത്തോടുള്ള ഐക്യദാർഢ്യവും, അതേറ്റെടുക്കാനുള്ള സന്നദ്ധതയുടെ പ്രഖ്യാപനവുമാണ്. ത്യാഗം ഒരു ആഘോഷവും ആനന്ദവുമാണെന്ന പാഠമാണ് രണ്ട് ആഘോഷങ്ങളും നൽകുന്നത്.

വിശ്വാസിക്ക് സന്മാർഗം ലഭിച്ചതിലുള്ള നന്ദി പ്രകടനം കൂടിയാണ് ഈദാഘോഷം. ".... നിങ്ങൾ നോമ്പിന്റെ എണ്ണം പൂർത്തിയാക്കാനും നിങ്ങളെ നേർവഴിയിലാക്കിയതിന്റെ പേരിൽ നിങ്ങൾ അല്ലാഹുവിന്റെ നാമം പ്രകീർത്തിക്കാനും, അവനോട് നന്ദിയുള്ളവരാകാനുമാണിത്" (*അൽബഖറ* 185).

നബി (സ) പറഞ്ഞു: "നോമ്പുകാരന് സന്തോഷം പകരുന്ന രണ്ടാനന്ദ മുഹൂർത്തങ്ങളുണ്ട്, നോമ്പ് തുറക്കുമ്പോൾ അതിന്റെ പേരിൽ അവൻ സന്തോഷിക്കും. തന്റെ നാഥനെ കണ്ടുമുട്ടുന്ന വേളയിൽ നോമ്പ് കാരണത്താൽ അവന് സന്തോഷിക്കാനിടവരും" (മുസ്ലിം). നോമ്പു തുറക്കുക എന്നതിന് 'ഫിത്വ്ർ' എന്നാണ് ഹദീസിൽ പ്രയോഗിച്ചത്. മുപ്പതു ദിവസം നീണ്ടുനിന്ന നോമ്പിന്റെ ആഹ്ലാദകരമായ 'തുറക്കൽ' എന്ന അർഥത്തിലാണ് ഈദുൽ ഫിത്വ്ർ എന്നു പ്രയോഗിക്കുന്നത്. അതിനാൽ

ഈദുൽ ഫിത്വ്ർ എന്നത് നോമ്പുകാരന് ആഹ്ലാദിക്കാനുള്ള വേള തന്നെയാണ്.

ഭക്തിയുടെ സാമൂഹിക ആഘോഷമാണ് ഈദുൽ ഫിത്വ്ർ. തക്ബീർ ധ്വനികളാണ് അതിൽ നിറഞ്ഞുനിൽക്കുന്നത്. ശവ്വാൽ മാസപ്പിറവി സ്ഥിരീകരിച്ചതു മുതൽ അടുത്ത ദിവസം രാവിലെ പെരുന്നാൾ നമസ്കാരം തുടങ്ങുന്നത് വരെയാണ് തക്ബീറിന്റെ സമയം. പെരുന്നാൾ നമസ്കാരം പരമാവധി സാമൂഹിക പങ്കാളിത്തത്തോടെ തുറന്ന മൈതാനത്ത് വെച്ചാണ് നടത്തേണ്ടത്. പ്രവാചകന്റെ കാലത്ത് മഴ കാരണം ഒരു തവണ പള്ളിയിൽ വെച്ചു നമസ്കരിച്ചതൊഴിച്ചാൽ എല്ലാ പെരുന്നാൾ നമസ്കാരങ്ങളും മുസ്വല്ല (ഈദ്ഗാഹ്)യിലാണ് നിർവഹിക്കാറുണ്ടായിരുന്നത്. സ്ത്രീകളും കുട്ടികളും മുതിർന്നവരുമെല്ലാം നമസ്കാരത്തിനായി വരണം. നമസ്കാരത്തിന് തടസ്സമായി അശുദ്ധിയുള്ള സ്ത്രീകൾ പോലും ഈദ്ഗാഹിലേക്ക് വരേണ്ടതാണ്. നമസ്കാരത്തിൽനിന്ന് വിട്ടുനിന്ന് അവർക്ക് മറ്റു പുണ്യങ്ങളിൽ പങ്കുചേരാവുന്നതാണ്. പ്രസിദ്ധ സ്വഹാബി വനിതയായ ഉമ്മു അത്വിയ്യ പറയുന്നു: "യുവതികളെയും ഋതുമതികളെയുമൊക്കെ ഈദ് ദിനത്തിൽ നമസ്കാര സ്ഥലത്തേക്ക് കൊണ്ടുവരാൻ നബി (സ) ഞങ്ങളോട് നിർദേശിക്കുമായിരുന്നു. രണ്ട് മൂടുപടം കൈയിലുള്ളവർ അതിലൊന്ന് മൂടുപടമില്ലാത്തവർക്ക് വായ്പ നൽകി സഹായിക്കണമെന്നും അവിടുന്ന് നിർദേശിക്കാറുണ്ടായിരുന്നു. ഋതുമതികൾ നമസ്കാരത്തിൽനിന്ന് വിട്ടു നിൽക്കണം. പ്രാർഥനയിലും മറ്റുമൊക്കെ അവർക്ക് പങ്കുകൊള്ളാം" (ബുഖാരി, മുസ്‌ലിം).

സാംസ്കാരിക ബോധത്തോടെയും തനിമയോടെയും സംഘടിപ്പിക്കപ്പെടുന്ന ആഘോഷങ്ങൾ സമൂഹത്തിന്റെ ഐക്യവും കെട്ടുറപ്പും ഊട്ടിയുറപ്പിക്കുന്നതാണ്. അനുവദനീയമായ വിനോദങ്ങളും കലാ കായിക പ്രകടനങ്ങളും മനസ്സുകൾക്ക് അയവും ആശ്വാസവും പകരുന്നതാണ്. തിന്മയല്ലാത്ത ആഘോഷങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നത് മനുഷ്യനെ കൂടുതൽ പരുക്കനാക്കും. അതിനാൽ ഒരു വിനോദവും പാടില്ല എന്ന ആത്യന്തികമായ നിഷേധാത്മകതയോ വിനോദത്തിന്റെ പേരിൽ എന്തുമാവാം എന്ന അരാജക ദർശനമോ ഇസ്‌ലാമിലില്ല. രണ്ടിനും മധ്യേ വിഹിതമായ എല്ലാ കലകളെയും വിനോദങ്ങളെയും അത് പ്രോത്സാഹിപ്പിക്കുന്നു. അത്തരം വിനോദങ്ങളുടെ കൂടി നാളുകളാണ് പെരുന്നാളുകൾ. എല്ലാറ്റിലുമെന്ന പോലെ വിശുദ്ധ പ്രവാചകൻ തന്നെയാണ് ഇതിലും വിശ്വാസിയുടെ മാതൃക. ആഇശ(റ) പ്രസ്താവിക്കുന്നു: "ഒരു പെരുന്നാൾ ദിനത്തിൽ ചില അബ്സീനിയക്കാർ റസൂലിന്റെ അടുത്ത് കളിക്കുകയായിരുന്നു. അങ്ങനെ ഞാൻ അവിടുത്തെ ചുമലിൽ കൂടി എത്തിനോക്കിയപ്പോൾ നബി(സ) ചുമൽ കുറച്ച് താഴ്ത്തിപ്പിടിക്കുകയും അവർ കളിക്കുന്നത് മതിയാകുവോളം കണ്ട ശേഷം ഞാൻ തിരിച്ചു പോവുകയും ചെയ്തു" (അഹ്മദ്, ബുഖാരി, മുസ്‌ലിം).

മൃഷ്ടാന്നഭോജനം, പുതു വസ്ത്രം, തക്ബീർ, പെരുന്നാൾ നമസ്കാരം ഇതിൽ ഒതുങ്ങിപ്പോകുന്നു ഇന്ന് പെരുന്നാളാഘോഷത്തിന്റെ ദീനീമാനങ്ങൾ. പിന്നീടവർ പോകുന്നത് സിനിമാ തിയറ്ററിലേക്കും അനിസ്‌ലാമിക രീതികളിൽ സംഘടിപ്പിക്കപ്പെടുന്ന ഗാനമേള സദസ്സുകളിലേക്കുമൊക്കെയാണ്. നാം ആഘോഷത്തിലെയും വിനോദത്തിലെയും നബിചര്യ പഠിക്കാൻ മെനക്കെടാത്തതാണ് ഈ വ്യതിയാനത്തിന്റെ ഒരു കാരണം. ഓരോ പ്രദേശത്തെയും ഇസ്‌ലാമിക താൽപര്യമുള്ളവർ ഒത്തുകൂടി വിഹിതവും പ്രയോജനകരവുമായ കലാകായിക ആഘോഷ പരിപാടികൾ സംഘടിപ്പിച്ചാൽ നമ്മുടെ യുവാക്കളെയും കുട്ടികളെയും അനിസ്‌ലാമിക പ്രവണതകളിൽനിന്ന് വലിയൊരളവ് വരെ തടയാൻ സാധിക്കും. ■

## ഫിത്വ്ർ സകാത്ത്

**റമദാൻ** പൂർത്തിയാകുന്നതോടെ നിർബന്ധമായിത്തീരുന്ന ദാനമാണ് ഫിത്വ്ർ സകാത്ത്. "നോമ്പുകാരന് സംഭവിച്ചിരിക്കാനിടയുള്ള അനാവശ്യങ്ങളിൽനിന്നും അശ്ലീലങ്ങളിൽനിന്നുമുള്ള ശുദ്ധീകരണത്തിനു വേണ്ടിയും, സാധുക്കൾക്ക് ആഹാരമായുമാണ് അല്ലാഹുവിന്റെ റസൂൽ ഫിത്വ്ർ സകാത്ത് നിർബന്ധമാക്കിയത്" എന്ന് ഇബ്നു അബ്ബാസ്(റ) വ്യക്തമാക്കുന്നു. പെരുന്നാൾ നമസ്കാരത്തിനു മുമ്പ് അർഹതപ്പെട്ടവർക്ക് അതെത്തിച്ചു കൊടുക്കേണ്ടതുണ്ട്.

പെരുന്നാൾ ദിവസത്തെ രാവിലും പകലിലുമായി തനിക്കും താൻ നിർബന്ധമായും ചെലവുനൽകേണ്ട ആശ്രിതർക്കും വേണ്ട മിതമായ ആഹാരത്തിനു പുറമെ മിച്ചമുള്ളവരെല്ലാം ഫിത്വ്ർ സകാത്ത് നൽകാൻ ബാധ്യസ്ഥരാണ്. കുടുംബനാഥൻ തനിക്കും മാതാപിതാക്കൾ, ഭാര്യ, മക്കൾ, വേലക്കാർ തുടങ്ങിയ ആശ്രിതർക്കും വേണ്ടി അതു കൊടുത്തുവീട്ടണം. നാട്ടിലെ മുഖ്യ ആഹാരമാണ് ഫിത്വ്ർ സകാത്തായി നൽകേണ്ടത്. ഒരാൾക്ക് ഒരു സ്വാഅ് ആണ് ബാധ്യതയായിട്ടുള്ളത്. ആധുനിക അളവുരീതിയനുസരിച്ച് ഒരു സ്വാഅ്, 2 കിലോ 176 ഗ്രാമാണെന്നാണ് ഡോ. യൂസുഫുൽ ഖറദാവിയുടെ വീക്ഷണം. റമദാനിലെ അവസാന ദിവസം സൂര്യാസ്തമയം വരെ ജീവിച്ചിരുന്നവർക്കും അസ്തമയത്തിനു മുമ്പായി ജനിച്ചവർക്കും വേണ്ടി അത് കൊടുത്തുവീട്ടൽ നിർബന്ധമാണ്. പെരുന്നാൾ നമസ്കാരത്തിനു മുമ്പ് കൊടുത്തുവീട്ടിയാലേ ഫിത്വ്ർ സകാത്ത് നൽകിയ പുണ്യം ലഭിക്കൂ. എങ്കിലും പെരുന്നാളിനു ശേഷമെങ്കിലും കൊടുത്തുവീട്ടിയില്ലെങ്കിൽ ബാധ്യത നിലനിൽക്കുന്നതാണ്. അതിനാൽ പുണ്യത്തിൽ കുറവു വരുമെങ്കിലും വൈകിയാലും അതു കൊടുത്തുവീട്ടണം. പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് കൊടുത്തുവീട്ടാം എന്നാണ് പണ്ഡിതന്മാരുടെ ഏകോപിതാഭിപ്രായം. റമദാൻ ആരംഭം മുതൽതന്നെ കൊടുത്തു തുടങ്ങാമെന്ന് ഇമാം ശാഫിഈ(റ)യും അഭിപ്രായപ്പെടുന്നു. ധാന്യത്തിനു പകരം അതിന്റെ വില കൊടുത്താലും മതിയാവുമെന്നാണ് ഹനഫീ മദ്ഹബിന്റെ വീക്ഷണം. ഡോ. യൂസുഫുൽ ഖറദാവി ഉൾപ്പെടെയുള്ള ചില ആധുനിക പണ്ഡിതന്മാരും ഈ വീക്ഷണത്തെ പിന്തുണക്കുന്നു. നബി(സ)യുടെയും ഖലീഫമാരുടെയും കാലത്ത് സംഘടിതമായാണ് ഫിത്വ്ർ സകാത്തിന്റെ ശേഖരണവും വിതരണവും നടന്നിരുന്നത്.